പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം, മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അപ്രതീക്ഷിതമായ പ്രളയവും മറ്റ പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അടിയന്തരഘട്ടങ്ങളിൽ താല്കാലിക കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുകയും തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് വീട്, ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും അനുവദിക്കുന്നു. ഇതിനായി ഇവർക്ക് താല്പര്യമുള്ള സ്ഥലം കണ്ടെത്തിയാണ് ഭൂമി വാങ്ങി വീട് വച്ച് നൽകുന്നത്.

## സ്വയം പര്യാപ്ത ഗ്രാമം

49(554) ശ്രീ. സജീവ് ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ടി നിയോജകമണ്ഡലത്തിൽ ഗതാഗതയോഗ്യമല്ലാത്ത പട്ടികജാതി കോളനി റോഡുകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ടി നിയോജകമണ്ഡലത്തിൽനിന്നും 11 പട്ടികവർഗ്ഗ കോളനി റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പും കണ്ണൂർ ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി പ്രകാരം നവീകരിച്ച എസ്.സി./എസ്.ടി. കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടി നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ സ്വയംപര്യാപ്ത/ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(സി) ഇനി ഏതെല്ലാം എസ്.സി./എസ്.ടി. കോളനികളാണ് മേൽ പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം പുതിയ കോളനികളൊന്നും നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly